"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പുനഃസംഘടിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(കൈ) നം.124/2026/LSGD തീയതി,തിരുവനന്തപുരം, 09-09-2026

---

പരാമർശം:- 1. സ.ഉ. (അച്ചടി) നം. 33/99/LAD; തീയതി 15.02.1999.

2. സ.ഉ.(കൈ) നം.250/11/തസ്വഭവ; തീയതി 15.10.2011.

3. സ.ഉ.(സാധാ) നം.1960/2016/തസ്വഭവ; തീയതി 21.06.2016.

**ഉത്തരവ്**

സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ഉന്നതാധികാര സമിതിയാണ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി. വിജയകരമായ അധികാര വികേന്ദ്രീകരണത്തിനും, പ്രാദേശികമായി തയ്യാറാക്കിയ പദ്ധതികളുടെ നടത്തിപ്പിനും നിരീക്ഷണത്തിനും വിവിധ വകുപ്പുകളെയും ഏജൻസികളെയും പ്രവർത്തകരെയും ഏകോപിപ്പിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തുകൊണ്ടുമാണ്, സംസ്ഥാന തല ഏകോപന സമിതി എന്ന രീതിയിൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരാമർശം 1 പ്രകാരം രൂപീകരിച്ചത്. ആയതിന് തുടർച്ചയായി സർക്കാരുകൾക്ക് അനുസൃതമായി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി കാലാകാലങ്ങളിൽ പുനഃസംഘടിപ്പിച്ച് വരുന്നുണ്ട്. നിലവിൽ പ്രാബല്യത്തിലുള്ള വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരാമർശം 3 പ്രകാരമാണ് രൂപീകരിച്ചിട്ടുള്ളത്.

2. ജനകീയാസൂത്രണ പരിപാടിയുടെ നടത്തിപ്പ് പതിവായി അവലോകനം ചെയ്യുക, ആയതിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് സർക്കാർ തലത്തിൽ തുടർനടപടികൾ സ്വീകരിക്കുക, ഇപ്രകാരം തിരിച്ചറിഞ്ഞ വിഷയങ്ങളിന്മേൽ നയപരമായ തീരുമാനങ്ങൾ എടുക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങളിൽ അവർക്ക് സ്പഷ്ടീകരണം നൽകുക, അധികാര വികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിന് ആവശ്യമായ തീരുമാനങ്ങൾ അതത് സമയങ്ങളിൽ കൈക്കൊള്ളുക എന്നിവയാണ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ചുമതലകൾ. ഇതിനു പുറമെ, മാർഗ്ഗനിർദ്ദേശങ്ങൾക്ക് ഉപരിയായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രൊജക്ടുകൾക്ക് അംഗീകാരം നൽകുന്ന ചുമതലയും കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട് പൊതുവായി നിലനിൽക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത്

പരിഹാരം നിർദ്ദേശിക്കുന്നതിനുള്ള വേദിയായും ഇത് വർത്തിക്കുന്നു.

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ചുവടെ പ്രകാരം പുനഃസംഘടിപ്പിച്ച് ഉത്തരവാകുന്നു-

- അധ്യക്ഷൻ - ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
- സഹ അധ്യക്ഷൻമാർ -
    - ബഹു. ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രി
    - ബഹു. ഫിഷറീസ്-സാമൂഹ്യ ക്ഷേമ വകുപ്പ് മന്ത്രി
- കൺവീനർ - സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
- അംഗങ്ങൾ -
    - സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
    - സെക്രട്ടറി, ധനകാര്യ (റിസോഴ്സ്) വകുപ്പ്
    - സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
    - മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്
    - മെമ്പർ, റിസോഴ്സസ് വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്
    - പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ വി
ജോയിന്റ് സെക്രട്ടറി

1. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
2. സെക്രട്ടറി, ധനകാര്യ (റിസോഴ്സസ്) വകുപ്പ്.
3. സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
6. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്.
7. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്.
8. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
9. ചീഫ് ടൗൺ പ്ലാനർ.
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്.
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും.
12. എല്ലാ ജില്ലാ കളക്ടർമാർക്കും.
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
16. ഡയറക്ടർ ജനറൽ, കില.
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്.
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

Digitally signed by
Viraj K
Date: 09-09-2026
19:09:37

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
3. ബഹു. ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
4. ബഹു. ഫിഷറീസ്-സാമൂഹ്യ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
5. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്.
6. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്.